SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA



Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ(FIB FARM NEWS): 22-08-2021

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എം.ഐ.ഡി.എച്ച് പദ്ധതിയുടെ കീഴിൽ ഡ്രാഗൺ ഫ്രൂട്ട്, പൈനാപ്പിൾകൃഷി, ടിഷ്യൂകൾച്ചർവാഴ, പപ്പായകൃഷി, പ്ലാവ് കൃഷി, അവോക്കാഡോ, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മാംഗോസ്റ്റിൻ, കുടംപുളി, ഞാവൽ, ഹൈബ്രിഡ് പച്ചക്കറികൃഷി, കശുമാവ് എന്നിവയ്ക്കും പുൽവെട്ടിയന്ത്രം, മാനുവൽസ്പ്രേയർ, പ്രൈമറി മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ്, റൈപ്പനിംഗ് ചേമ്പർ, ഇന്റഗ്രേറ്റഡ് പാക്ക്ഹൗസ് തുടങ്ങിയവയ്ക്കും സബ്സിഡി ലഭ്യമാണ്. തൃശൂർ ജില്ലയിലെ കർഷകർ ഈ മാസം 26-ാം തീയതിക്കു മുമ്പായി അവരവരുടെ ബ്ലോക്കിലെ കൃഷിഭവനുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകേണ്ടതാണെന്ന് തൃശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

**2.** കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ആഴ്ചകളിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 10 രൂപ നിരക്കിൽ വിതരണംചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്**0481-2373710** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കെപ്കോയിൽ നിന്നും ഉൽപാദിപ്പിക്കുന്ന 45 മുതൽ 60 ദിവസം പ്രായമുള്ള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000923** എന്ന നമ്പരിൽ ബന്ധപ്പെടുക.

**4.** കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവകലാശാലയിലെ മാസ്റ്റർ ഓഫ് സയൻസ്, ബി.എസ്.സി, പി.പി.ബി.എം, ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് പ്രവേശന നടപടികൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ആരംഭിച്ചു. https://applications.kvasu.ac.in/ എന്ന വെബ്സൈറ്റ് വഴി ഈ മാസം 25 വരെ അപേക്ഷകൾ സമർപ്പിക്കാം.

5. തിരുവനന്തപുരം ആനയറ വേൾഡ്മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വിൽപ്പന കേന്ദ്രത്തിൽ നല്ലയിനം കുറ്റ്യാടി തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9746692422 എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഈ മാസം 24-ന് താറാവുവളർത്തൽ അറിയേണ്ടതെല്ലാം, 25-ന് ഏലം, ഗ്രാമ്പു -സുഗന്ധവിളകളുടെ ശാസ്ത്രീയ പരിപാലനം, 26-ന് നായ്ക്കളുടെ പ്രജനന പരിപാലനവും നായ്ക്കുട്ടികളുടെ പരിചരണവും, 27-ന് പാഷൻ ഫ്രൂട്ടിന്റെ വിള പരിപാലനം എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

7. കേരള കാർഷിക സർവകലാശാല മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 24-ന് ഹൈ-ടെക്ക് പച്ചക്കറികൃഷി പ്രിസിഷൻ ഫാമിംഗ്, 25-ന് ഹൈ-ടെക്ക് പച്ചക്കറിതൈ ഉൽപാദനവും ഗ്രാഫ്റ്റിംഗും, 26-ന് പോളിഹൗസിലെ പച്ചക്കറികൃഷി, 27-ന് മഴമറയിലെ പച്ചക്കറികൃഷി എന്നീ വിഷയങ്ങളിൽ ഉച്ചക്ക് 2 മണിമുതൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. https://forms.gle/nW6TwVR6Sx7TEdyA7എന്ന ലിങ്കിലൂടെ

പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **8111844463** എന്ന വാട്ട്സാപ്പ് നമ്പരിൽ ബന്ധപ്പെടുക.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 25,26 തീയതികളിൽ **മുട്ടക്കോഴിവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **0471 – 2732918, 9188522701.**

9. ഹോർട്ടികോർപ്പ് ഈ മാസം മുപ്പത്തി ഒന്നു മുതൽ ആവോലി കൃഷി ഭവൻ പരിധിയിൽ വച്ച് മൂന്ന് ദിവസത്തെ സമഗ്ര തേനീച്ച വളർത്തൽ സംരംഭകത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 9447910989എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. തലയോലപ്പറമ്പ് മൃഗസംരക്ഷണപരിശീലന കേന്ദ്രത്തിൽ നിന്നും ഈ മാസം 25-ന് **പശുവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9188522706** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും പരിശീലനത്തിന്റെ പേരുംവാട്ട്സാപ്പ് സന്ദേശമായി അയച്ചു നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് **04829 234323** എന്ന നമ്പരിൽ ബന്ധപ്പെടുക.

11. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതന കൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർറബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ആഗസ്റ്റ് 24,25 തീയതികളിൽ രാവിലെ 10.00 മുതൽഉച്ചയ്ക്ക്1.00 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **04812353127**എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക.